# പതിമൂന്നാം കേരള നിയമസഭ
# നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.826 08.03.2012 ൽ മറുപടിക്ക്

## കേരളത്തിൽ രജിസ്റ്റർ ചെയ്ത വാഹനങ്ങൾ

| ചോദ്യം<br>ശ്രീ. പി. എ. മാധവൻ | | ഉത്തരം<br>ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി |
|---|---|---|
| (എ) കഴിഞ്ഞ 5 വർഷക്കാലം കേരളത്തിൽ ഓരോ വിഭാഗത്തിലുമായി ആകെ രജിസ്റ്റർ ചെയ്ത വാഹനങ്ങൾ എത്രയെന്ന് വ്യക്തമാക്കുമോ ; | (എ) | വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിട്ടുണ്ട് |
| (ബി) ഇതിലൂടെ സർക്കാരിന് ലഭിച്ച വരുമാനം എത്ര വീതമെന്ന് വ്യക്തമാക്കുമോ ;<br>(സി) റോഡ് ടാക്സ് ഇനത്തിൽ കഴിഞ്ഞ 5 വർഷം ലഭിച്ച തുക ഏതെല്ലാം കാര്യങ്ങൾക്കായി ചെലവഴിച്ചുവെന്നും എത്ര തുക വീതമെന്നും വ്യക്തമാക്കുമോ ; | (ബി & സി) | ഫീസ്, ട്രാൻസ്പോർട്ട് വാഹനങ്ങളിന്മേലുള്ള നികുതി, നോൺ ട്രാൻസ്പോർട്ട് വാഹനങ്ങളിന്മേലുള്ള നികുതി, മറ്റിനം എന്നിങ്ങനെ നാലു ഹെഡ് ഓഫ് അക്കൗണ്ടുകളിലായിരുന്നു മോട്ടോർ വാഹന വകുപ്പിലെ റവന്യൂ വരുമാനം തരംതിരിച്ചിരുന്നത്. 2008 മുതൽ കോമ്പൗണ്ടിംഗ് ഫീസിന് പ്രത്യേക ഹെഡ് ഓഫ് അക്കൗണ്ട് ആരംഭിച്ചുകൊണ്ട് ഓരോ ഇനത്തിലും വരുന്ന വരുമാനം അതാതു ഹെഡ് ഓഫ് അക്കൗണ്ടിൽ നിക്ഷേപിക്കുകയാണ് ചെയ്തുവരുന്നത്. വാഹനം രജിസ്റ്റർ ചെയ്യുന്ന വർഷങ്ങളനുസരിച്ചോ വാഹനങ്ങളുടെ തരം തിരിച്ചോ പ്രത്യേക കണക്ക് സൂക്ഷിക്കുന്നില്ല. അതുകൊണ്ട് കഴിഞ്ഞ അഞ്ചു വർഷം രജിസ്റ്റർ ചെയ്ത വാഹനങ്ങളിൽ നിന്നു മാത്രമായി ലഭിച്ച വരുമാനം വേർതിരിക്കുന്നതു പ്രായോഗികമല്ല. മേൽപ്പറഞ്ഞ ഓരോ ഇനത്തിലും കഴിഞ്ഞ അഞ്ചു വർഷം ലഭിച്ച റവന്യൂ വരുമാനം അനുബന്ധം 2 ആയി ചേർക്കുന്നു. റോഡ് ടാക്സ് ഇനത്തിൽ ലഭിച്ചു വരുന്ന വരുമാനം ഏതെങ്കിലും പ്രത്യേക ഇനത്തിനായി ചെലവഴിച്ചതായി പറയാൻ കഴിയില്ല. |
| (ഡി) ദേശീയപാതയിൽ വർദ്ധിച്ചുവരുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനും അപകടങ്ങളിൽപ്പെടുന്നവരെ രക്ഷിക്കുന്നതിനുമായി ഗതാഗതവകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ | (ഡി) | ബോധവൽക്കരണത്തിലൂടെയും നിയമപാലനത്തിലൂടെയും അപകടങ്ങൾ കുറയ്ക്കുന്നതിനാണ് മോട്ടോർ വാഹന വകുപ്പ് ശ്രമിച്ചു വരുന്നത്. വിദ്യാർത്ഥികൾ, അധ്യാപകർ, സ്കൂൾ ബസ് / ടിപ്പർ ലോറി ഡ്രൈവർമാർ, ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടർമാർ, പൊതു ജനങ്ങൾ തുടങ്ങിയ എല്ലാവർക്കും പരിശീലന പരിപാടികൾ വഴിയും മാധ്യമങ്ങൾ വഴിയും ബോധവൽക്കരണം നടത്തുന്നുണ്ട്. ഹെവി വെഹിക്കിൾ ഡ്രൈവർമാർക്ക് സുരക്ഷിതത്വത്തിൽ ഊന്നിയ |

| | | |
|---|---|---|
| | | പരിശീലന പരിപാടികൾ നടത്തിവരുന്നു. രാത്രി കാലങ്ങളിൽ ഓടിക്കുന്ന ലോറികൾ അവയ്ക്ക് നിഷ്കർഷിച്ചിട്ടുള്ള സമയങ്ങളിൽ മാത്രമാണോ ഓടിക്കുന്നതെന്നും അത്തരം വാഹനങ്ങൾ ഓടിക്കുന്നതിന് ലൈസൻസ് ഉള്ള ഡ്രൈവർമാർ തന്നെയാണോ വാഹനമോടിക്കുന്നത് എന്നും ഉറപ്പു വരുത്തുന്നുണ്ട്. റോഡു സുരക്ഷാ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ ക്യാമറകൾ ഉപയോഗിച്ച് ഗതാഗത നിയമ ലംഘനങ്ങൾ കണ്ടു പിടിക്കുന്നതിനുള്ള സംവിധാനം നടപ്പാക്കി വരുന്നു. ഇതു കൂടാതെ ചേർത്തല – മണ്ണുത്തി നാലുവരി പാതയിൽ ക്യാമറ ഉപയോഗിച്ചുള്ള നിരീക്ഷണ സംവിധാനവും സൈൻ ബോർഡുകളും ഏർപ്പെടുത്തി വരുന്നു. ഇതു വഴി അമിത വേഗതയും മറ്റു നിയമ ലംഘനങ്ങളും പിടികൂടാനാകും. വകുപ്പിന്റെ എൻഫോഴ്സ്മെന്റ് ഓട്ടോമേഷൻ പദ്ധതി പ്രകാരം തിരുവനന്തപുരത്ത് കവടിയാർ, ഓവർബ്രിഡ്ജ്, ടെക്നോപാർക്ക് എന്നീ ജംഗ്ഷനുകളിൽ ക്യാമറകൾ സ്ഥാപിച്ച് ആയതു വഴി ലഭിക്കുന്ന വീഡിയോ ചിത്രങ്ങളിൽ നിന്നും കുറ്റകൃത്യം ചെയ്യുന്നവരെ കണ്ടുപിടിക്കുകയും ശിക്ഷാ നടപടികൾ എടുത്തു വരുകയും ചെയ്യുന്നു. ഇന്റർസെപ്റ്റർ , കൈ റഡാറുകൾ എന്നിവ ഉപയോഗിച്ചു പരിശോധന നടത്തി കുറ്റക്കാർക്കെതിരെ നിയമനടപടികൾ എടുക്കുന്നുണ്ട്. കൂടാതെ മാധ്യമങ്ങൾ വഴിയും ലഘുലേഖ, ബുക്ക്‌ലെറ്റുകൾ തുടങ്ങിയവ ഉപയോഗിച്ചും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. |
| (ഇ) പോലീസ് വകുപ്പുമായി ചേർന്ന് ദേശീയപാതയിൽ കൂടുതൽ നിരീക്ഷണസംവിധാനങ്ങൾ ഏർപ്പെടുത്തുമോ ; | (ഇ) | നടപടി എടുത്തു വരുന്നു. |
| (എഫ്) ദേശീയപാതയിലെ പ്രധാന ജംഗ്ഷനുകളിൽ നിരീക്ഷണ ക്യാമറകൾ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നത് പരിഗണിക്കുമോ ? | (എഫ്) | ദേശീയപാതയിൽ പ്രധാന ജംഗ്ഷനുകളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

ശ്രീ.

സെക്ഷൻ ഓഫീസർ

അനുബന്ധം I

| Sl. No | Type of vehicles | As on 31-3-2006 | 2006-07 | 2007-08 | 2008-09 | 2009-10 | 2010-11 | As on 31-03-2011 |
|---|---|---|---|---|---|---|---|---|
| | **Category-wise Growth of Motor Vehicles in Kerala (2006-2011)** | | | | | | | |
| I | GOODS VEHICLES | | | | | | | |
| 1 | Four Wheeler and above | 194232 | 16943 | 16279 | 19233 | 16137 | 31571 | 294395 |
| 2 | Three Wheelers including tempos | 70030 | 13286 | 11216 | 6387 | 7185 | 9162 | 117266 |
| II | BUSES | | | | | | | |
| 1 | Stage Carriages | 35206 | 1870 | 2687 | 2235 | 1729 | 2867 | 46594 |
| 2 | Contract Carriages/Omni buses | 92368 | 9472 | 6390 | 2603 | 3518 | 4799 | 119150 |
| III | CARS AND STATION WAGONS | | | | | | | |
| 1 | Cars | 498472 | 68822 | 87288 | 113171 | 133910 | 159198 | 1060861 |
| 2 | Station Wagons | 0 | 0 | 0 | 0 | 0 | 0 | 0 |
| 3 | Taxi cars & Jeeps | 192911 | 8642 | 8457 | 5742 | 9481 | 11874 | 237107 |
| | | | | | | | | |
| IV | Three Wheelers | | | | | | | |
| 1 | Autorickshaws | 342466 | 26240 | 22394 | 31805 | 43230 | 52606 | 518741 |
| 2 | Motorised Cycle rickshaws | 61 | 0 | 0 | 0 | 0 | 0 | 61 |
| V | TWO WHEELERS | | | | | | | |
| 1 | Motorised Cycle | 1017 | 0 | 0 | 0 | 0 | 0 | 1017 |
| 2 | Scooter/Motor Cycles | 2098635 | 319457 | 259352 | 250782 | 287897 | 394715 | 3610838 |
| VI | TRACTORS | 9978 | 679 | 579 | 420 | 24 | 544 | 12224 |
| VII | TILLERS | 5184 | 0 | 0 | 0 | 33 | 118 | 5335 |
| VIII | TRAILORS | 2264 | 43 | 14 | 0 | 0 | 3 | 2324 |
| IX | OTHERS | 15880 | 1192 | 4043 | 3630 | 14451 | 6910 | 46106 |
| | TOTAL | 3558704 | 466646 | 418699 | 436008 | 517595 | 674367 | 6072019 |

## അനുബന്ധം 2.

| Details of Revenue Collection | | | | | | |
|---|---|---|---|---|---|---|
| Year | Compounding fee | fees | TV tax | NTV tax | Other item | Total |
| 2007-2008 | 0 | 1202133891 | 3823970196 | 3490225251 | 545 | 8516329883 |
| 2008-2009 | 244407034 | 1103513470 | 3933152652 | 3885880432 | 900 | 9166954488 |
| 2009-2010 | 277005188 | 1287828227 | 4121846174 | 5258259913 | 375 | 10944939877 |
| 2010-2011 | 404987829 | 1400892917 | 4300444340 | 6547778203 | 450 | 12654103739 |
| 2011-2012 | 378738918 | 136614026 | 434059778 | 7205507383 | 7350 | 8154927455 |
| **Total** | 1305138969 | 5130982531 | 16613473140 | 26387651182 | 9620 | 49437255442 |

സെക്ഷൻ ഓഫീസർ.